# അക്ഷര പൊലിമ



# അക്ഷര പൊലിമ

## LITTLE KITES DIGITAL MAGAZINE

@

## CKHSS MANIMOOLY

# മാഗസിൻ സമിതി..

**MARIYA SIMON THEKKANADY**

**Cheif Editor**

**ANJANA VARGHESE**

**MUHAMMED JADEED**

**SHALI ANSARI**

**FATHIMA FASNA**



# ആമുഖം....

ഹൃദയത്തിൽ വിരിഞ്ഞ വരകളും വർണ്ണങ്ങളും ചിന്തകളും ഭാവാത്മകതയിൽ ചാലിച്ചെടുത്ത്, അവയ്ക്ക്  ഡിജിറ്റൽ ചാരുതയേകി, സ്കൂളിലെ ലിറ്റിൽ കൈറ്റ് സ് മെമ്പർമാർ തയ്യാറാക്കിയ ഈ മാഗസിൽ  2019 -2020 അധ്യയനവർഷത്തെ സ്കൂൾ മികവിലേക്ക് ചേർത്ത് വെക്കുമ്പോൾ തികഞ്ഞ സംതൃപ്തിയുണ്ട്.

ലളിതവും ,സുന്ദരമവുമായ ഈ മാഗസിൻ കൈറ്റ് മെമ്പർമാരുടെ സ്നേഹോപഹാരമായി ഇവിടെ സമർപ്പിക്കുന്നു...

# ആശംസ......

ക്രൈസ്റ്റ് കിംഗ് ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് മെമ്പർമാരുടെ ഭാവാത്മകതയിലും, കരവിരുതിലും രൂപം കൊണ്ട ഈ ഡിജിറ്റൽ മാഗസിൻ വേറിട്ടൊരു വിദ്യാലയ മികവു തന്നെയാണ്.

അകത്തളത്തിലെ വരയും വരികളും ഹൃദയത്തിലെ ചിന്തകളേയും സർഗ്ഗാത്മകതയേയും ഏറേ സവിഷേശതകൾ ഉള്ളതായി വിശേഷിപ്പിക്കുന്നു..

ധന്യമായിടട്ടെ ... നിങ്ങളുടെ ഓരോ പ്രവർത്തനങ്ങളും..

***HOWLATH.K***

***KITE MISTRESS***

# അകത്താളത്തിൽ.....


| | | | |
|---|---|---|---|
| 1 | എന്റെ വിദ്യാലയം | റിപ്പോർട്ട് | 6 |
| 2 | മാറുന്ന കാലവും നീറുന്ന ലോകവും | ലേഖനം | 8 |
| 3 | ഇലകൊഴിഞ്ഞ നിമിഷം | കവിത | 9 |
| 4 | സ്കൂൾ ജെ ആർ സി | റിപ്പർട്ട് | 10 |
| 5 | A PRAYER IN SPRING | കവിത | 11 |
| 6 | ഓർമ്മിക്കാൻ | സന്ദേശം | 12 |
| 7 | MY SCHOOL | കവിത | 13 |
| 8 | പ്രകൃതി സൗന്ദര്യവും കലാ സൗന്ദര്യവും | ലേഖനം | 14 |
| 9 | സാഹിത്യപ്രതിഭ( എം.ടി വാസുദേവൻ നായർ) | റിപ്പോർട്ട് | 17 |
| 10 | മലയാളത്തിലെ ചെറുകഥകൾ | ലേഖനം | 20 |
| 11 | FROM BIRTH TO DEATH | കവിത | 26 |
| 12 | FRIEND FOR EVER | കവിത | 27 |
| 13 | രാഷ്ട്ര പിതാവിന്റെ മാന്ത്രിക സൂക്തം | സന്ദേശം | 28 |
| 14 | ജീവിത വിജയത്തിന് | ചിന്താധാര | 29 |
| 15 | അറിവാണ് വെളിച്ചം | ചരിത്ര കഥ | 30 |
| 16 | വരകൾ വർണ്ണങ്ങൾ | ഡിജിറ്റൽ പെയിന്റിംഗ് | 31 |
| 17 | ഇന്റർനെറ്റ് - അറിവിന്റെ ജാലകം | ലേഖനം | 32 |
| 18 | കാട്ടു പൂവ് | കവിത | 33 |

| | | | |
|---|---|---|---|
| 19 | നവ സാമൂഹിക മാധ്യമങ്ങളും വിദ്യാർത്ഥികളും | പ്രസംഗം | 34 |
| 20 | അടുക്കും ചിട്ടയും ഉള്ള ജീവിതം | ആരോഗ്യ ജാലകം | 35 |
| 21 | എന്റെ കുട്ടിക്കാലം | കവിത | 37 |
| 22 | ഉയരങ്ങളിൽ പറക്കാൻ ആഗ്രഹിച്ചവർ | കാഴ്ചപ്പാട് | 38 |
| 23 | വരകൾ വർണ്ണങ്ങൾ | ഡിജിറ്റൽ പെയിന്റിംഗ് | 39 |
| 24 | ഒന്നായ് ഒരുമയോടെ | കാഴ്ചപ്പാട് | 41 |
| 25 | നിലക്കാത്ത  യാത്ര | ഓർമ്മകുറിപ്പ് | 42 |
| 26 | ഡിജിറ്റൽ ആർട്ട് | ഡിജിറ്റൽ പെയിന്റിംഗ് | 43 |
| 27 | മഹാനായ എ പി ജെ | വ്യക്തി വിവരണം | 45 |
| 28 | മികവിന്റെ കാഴ്ചകൾ | ക്ലബ്ബ് പ്രവത്തനം | 46 |
| 29 | നന്ദി | | 50 |

എന്റെ വിദ്യാലയം

# C.K.H.S.S MANIMOOLY



**ഹരിതാഭയാർന്നനീലഗിരിയുടെ അടിവാരത്തിൽ മനോഹരമായി ശോഭിക്കുന്ന മണിമൂളി എന്ന കോച്ചു ഗ്രാമത്തിലാണ് എന്റെ സ്ക്കൂൾ സ്ഥിതിചെയ്യുന്നത്.**

**1954-ൽ എൽ പി സ്കൂളായി ആരംഭിച്ച ഈ സ്കൂൾ 1956-ൽ യു. പി സ്കൂളായും 1964-ൽ ഹൈസ്കൂളായും 2014- ൽ ഹൈയർസെക്കണ്ടറിയാ- യും ഉയർത്തപ്പെട്ടു.**

**മാനന്തവാടി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ രക്ഷാധികാരി ബിഷപ്പ് മാർ ജോസ്തു പൊരുന്നേടവും, കോർപ്പ-റേറ്റ് മാനേജർ റവ. ഫാ. ജോൺ പി. ജോർജ് പൊന്നപാറയും മാനേജർ റവ. ഫാ. കുര്യാക്കോസ് അച്ചനുമാണ്. തോമസ് വി .പി ഈ സ്ഥാപനത്തിന്റെ ഹെഡ് മാസ്ഡറ്റർ ആയി സേവനമനുഷ്ഠിക്കുന്നു...**

**കേവലം 60 വിദ്യാർത്ഥികളുമായി ആരംഭിച്ച വിദ്യാലയത്തിൽ ഇന്ന് 1400 വിദ്യാർത്ഥികൾ അധ്യായനം നടത്തുന്നു.48 അധ്യാപകരും 5**



അനധ്യാപകരും ഉൾപ്പെട്ട ഈ വിദ്യാലയം വിദ്യാഭ്യാസ ജില്ലയിലും സംസ്ഥാനതലത്തിലും ഉന്നതമായ സ്ഥാനം വഹിക്കുന്നു.

വിദ്യാഭ്യാസ സാങ്കേതികതയുടെ എല്ലാ സാധ്യതകളും ഉപയോഗിക്കുന്ന ഈ വിദ്യാലയത്തിൽ സ്മാർട്ട് ക്ലാസ്സ്റൂം, ലൈബ്രറി, പരീക്ഷണ ശാലകൾ, രണ്ട് ഐ.ടി ലാബുകൾ ലാപ്ടോപ് ഉപയോഗിച്ചുള്ള ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ ഇവ ഒരുക്കിയിരിക്കുന്നു. ഓരോ വിദ്യാർത്ഥിക്കും പ്രത്യേകം കൗൺസിലിംഗ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട് .

സ്കൗട്ട് & ഗൈഡ് , ജൂനിയർ റെഡ് ക്രോസ് യൂണിറ്റുകൾ , ബാന്റ് സെറ്റ്, സ്കൂൾ ബസ്സ്, സംസ്ഥാനതലത്തിൽ ശ്രദ്ധിക്കപ്പെട്ടിട്ടുള്ള പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങൾ , അത്യാവശ്യ സന്ദർഭങ്ങളിൽ കുട്ടികൾക്ക് ഉപയോഗിക്കാൻ കോയിൻപോക്സ്, ക്യാപസ് മിനിസ്ട്രിയുടെ സഹായത്തോടെ നിർമ്മിതമായ വൃത്തിയുള്ള ശുചിമുറികൾ, ശുദ്ധജല വിതരണശൃംഖല തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാകുമ്പോൾ ഞങ്ങൾ ഏറെ കൃതജ്ഞതയോടെ ഓർക്കുന്നു..... വഴിതെളിച്ചവരെ..... വഴിയിൽ വെളിച്ചമായി നിന്നവരെ ....... കാലയവനികക്കുള്ളിൽ മറഞ്ഞുപോയവരെ.

എണ്ണമറ്റ പ്രതിഭകളെ വാർത്തെടുത്ത ഈ സരസ്വതീക്ഷേത്രം കീഴക്കൻ ഏറെ നാടിന്റെ തിലകക്കുറിയായി മാറുവാൻ എല്ലാവരുടേയും പ്രാർത്ഥനാശംസകൾ പ്രതീക്ഷിക്കുന്നു.

ബിജിൻ ബെന്നി

10 F

# മാറുന്ന കാലവും....

# നീറുന്ന കോലവും...

കാലഘട്ടത്തിൽ ഇന്ത്യ കണ്ടുപിടിക്കാൻ വേണ്ടി ഇറങ്ങിത്തിരിച്ച സ്പാനിഷ് ഗവൺമെൻറ നാവികനായ ക്രിസ്ററഫർ കൊളംബസ് അമേരിക്കയിൽ എത്തിയതോടെ അദ്ദേഹം പ്രാചീന പുകവലിക്കാരേയും കണ്ടുപിടിച്ചു.തദ്ദേശീയരായ ജനതയെ അദ്ദേഹം ഇന്ത്യക്കാർ എന്ന് വിളിക്കപ്പെട്ടു. പിൽക്കാലത്ത് ഇവർ റെഡ് ഇന്ത്യൻസ് എന്ന് അറിയപ്പെട്ടു.ആ കാലയളവിലാണ് തികച്ചും അതിശയകരമായ ഒരു കാഴ്ച കൊളംബസിൻെറയും സംഘത്തിൻെറയും ശ്രദ്ദയിൽ പെട്ടത്. റെഡ് ഇന്ത്യക്കാർ ചുരുട്ടിയ പുകയില ചുണ്ടിൽ വെച്ചു വലിക്കുന്നതും വായിൽ നിന്ന് പുക പുറത്ത് വിടുന്നതും .ഇത്തരമൊരു കാഴ്ച അവർ യൂറോപ്പിലെവിടേയെും കണ്ടിരുന്നില്ലത്രെ.ഒന്നുറപ്പാണ്, അനുകരണം വഴി തന്നെയാണ് പുകവലി ശീലത്തിൻെറ പ്രചാരം വ്യാപകമാകുന്നത്.വെറുമൊരു രസത്തിന് വേണ്ടിയോ അതുമല്ലങ്കിൽ കൂട്ടുക്കെട്ടിൻെറ ഇഷ്ടത്തിൻ വഴങ്ങിയോ ആവാം ഈ അനുകരണം. നിരുപദ്രവകരം എന്നു കരുതി നാം ആരംഭിക്കുന്ന പുകവലി വഴി ഗുരുതരമായ രോഗസാധ്യതകളെ വിളിച്ചുവരുത്തുന്നതൊടൊപ്പം അത് നാം അറിയാതെ തന്നെ സമൂഹത്തിലെ കുറെ നിരപരാധികൾക്കു കൂടി രോഗ സാധ്യത വിതരണം ചെയ്യുന്നു.

"അവനവനാത്മസുഖത്തിനാചരിക്കുന്നവ അപരനു ഗുണത്തിനായ് വരേണം "

എന്ന ഗുരുവചനം അനുസ്മരിക്കുന്നത് നന്നാവും .നാം ചെയ്ത തെറ്റിന് മറ്റുള്ളവർ ദ്രോഹിക്കപ്പെടുന്നത് എന്തൊരു കഷ്ടമാണ്.

ഈ സാമൂഹ്യ വിപത്തിനെതിരെ ശക്തമായ കൈകൾ നമ്മൾ യുവാക്കളിൽ നിന്ന് ഉയരണം. പുകവലി ശീലിച്ചവരെ അതിൽ നിന്നു പിന്തിരിപ്പിക്കുന്നതിനെക്കാൾ എളുപ്പം ചെയ്യാവുന്നതും ഫലപ്രദവുമായ ഒന്നാണ് വളർന്നു വരുന്ന തലമുറയെ അത് ബാധിക്കാതെ നോക്കൽ . നല്ലൊരു നാളെ വളർത്തിയെടുക്കുന്നതിന് വേണ്ടി നമ്മൾ വിദ്യാർത്ഥികളും ജാഗരൂകരാകേണ്ടിയിരിക്കുന്നു...........

**അൻഷ ബേബി 10 F**

# ഇലകൊഴിഞ്ഞ നിമിഷം

പിന്നിൽ നിന്നാരോ  വിളിച്ചു
എൻ കാലുകൾ നിശ്ചലമായി
ചുവടൊന്നു പാളി
മനസ്സൊന്നുലഞ്ഞു
തിരികെയിനിയില്ല....
ഞാൻ തിരികെ നോക്കുവാനാഗ്രഹിച്ചു
ഇവിടെ ഞാനെന്നയുപേക്ഷിക്കയാണെന്ന
പരമമാം സത്യം  തിരിച്ചറിഞ്ഞു...
മുറിവേറ്റ മോഹങ്ങൾ പുവണിയാതെ
നിശ്ചലമായി ഞാൻ നിന്നു
കൊഴിയുന്ന നാളുകൾ പൊടിതട്ടിയുണരുന്ന
ഓർമ്മകൾ ഓമനക്കിനാനെത്ര ഭാഗ്യം!
എൻ ബാല്യ ജീവിതം എത്ര സുന്ദരം....
ഇനിയുള്ള ജീവിതം ഇങ്ങനെയും
ഒരു ചെടീനട്ടുവലുതാവും ജിവിതമാം
എന്നിലെ ഓരോ ജീവ വായു
ചെടിയിലെ ഇലകൾ കൊഴിയുന്നപോലെ
മുന്നിൽ നിഗുഡമായി നീളും മിഴിയിൽ
കാലം പിടിച്ചുകെട്ടിടുന്നു....
എന്നിലെ ഓരോ പടിയും നിശ്ചലമാണ്
എന്നുടെ ആഗ്രഹം മരണത്തിലല്ല
ജിവിച്ചു കഴിയാതെ പോയോരു കാലത്തിലാണ്.

നാഫിയ   10 F

# ജൂനിയർ റെഡ് ക്രോസ്സ്

## ആരോഗ്യം, സേവനം,സൗഹൃദം


അന്തർദേശീയ റെഡ് ക്രോസ്സ് സൊസൈറ്റിയുടെ ഉദാത്തമായ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുംയുവതലമുറയിൽസേവനസന്നദ്ധത,സ്വഭാവരൂപീകരണം,ദയ, സ്നേഹം,ആതുരശുശ്രൂഷ, വിദ്യാഭ്യാസ പ്രചാരണം എന്നീ ഉത്കൃഷ്ടാദർശങ്ങൾ രൂഢമൂലമാക്കുന്നതിനും വേണ്ടി രീപവത്ക്കരിച്ച ഒരു സംഘടനയാണ് ജൂനിയർ റെഡ് ക്രോസ്സ്. ഇത് തികച്ചും ജാതി, മത, വർഗ്ഗ, രാഷ്ട്രീയേതരമായും നിഷ്പക്ഷമായും പ്രവർത്തിക്കുന്നതാണ്. മാതൃസംഘടനയെപ്പോലെ ലോകത്തിന്റെ എല്ലാ ഭാഗത്തും ജൂനിയർ റെഡ് ക്രോസ്സിന് ശാഖകളുണ്ട്

മഹാനായ ജീൻ ഹെൻറി ഡ്യൂനന്റിന് സോൾഫെറിനോ യുദ്ധം നൽകിയ പ്രചോദനം റെഡ് ക്രോസ്സിന് രൂപം നൽകിയെങ്കിൽ ഒന്നാം ലോകമഹായുദ്ധകാലത്തെ മനുഷ്യക്കുരുതിയുടെ കഥ കാനഡയിലെ ബാലികബാലൻമാരുടെ കണ്ണ് തുറപ്പിക്കാൻ പോന്നവയായിരുന്നു. യുദ്ധത്തിൽ മുറിവേറ്റു കിടക്കുന്ന ഭടന്മാരെ ശത്രു മിത്രു ഭേതം കൂടാതെ സഹായിക്കുന്ന റെഡ് ക്രോസ്സിന്റെ പ്രവർത്തനങ്ങൾക്ക് കുട്ടികളുടെ സംഭാവന വിലപ്പെട്ടതായിരുന്നു. ഭടന്മാർക്ക് പ്രഥമശുശ്രൂഷ നൽകാനാവശ്യമായ ബാൻഡേജും മറ്റ് വസ്തുക്കളും ശേഖരിച്ച് നൽകുവാൻ ആ കുട്ടികൾ കാണിച്ച സേവനസന്നദ്ധത മുതിർന്നവരെപ്പോലും അത്ഭുതപ്പെടുത്തി.

നാളത്തെ വാഗ്ദാനങ്ങൾ ഇന്ന് സേവനത്തിന്റെ പാഠങ്ങൾ ഗ്രഹിച്ചാൽ ലോകത്തെ ദുരിതമുക്തമാക്കാൻ കഴിയുമെന്ന് അനുഭവ സമ്പന്നയായ ക്ളാരബർട്ടൺ എന്ന മഹതി മനസ്സിലാക്കി. കുട്ടികളുടെ ഉത്സാഹം പ്രവർത്തന മണ്ഡലത്തിലേക്ക് തിരിച്ചുവിടാൻ വേണ്ടി 1920 ൽ അവർ ജൂനിയർ റെഡ് ക്രോസ്സിന് രൂപം നൽകി.

മനുഷ്യ സ്നേഹികളായ ഉത്തമ പൗരന്മാരെ വളർത്തിയെടുക്കുന്ന ജൂനിയർ റെഡ് ക്രോസ്സിന്റെ അംഗങ്ങളാകുന്നത് ഒരഭിമാനമായി കണക്കാക്കാം.ഇതിന്റെ കൊടിക്കീഴിൽ അണിനിരക്കാം.ദുരിതത്തിനെതിരായ സമരം നിരന്തരമായിരിക്കുന്നിടത്തോളം റെഡ് ക്രോസ്സ് മാനവരാശിയുടെ ഒരാവശ്യമായിരിക്കും

# A PRAYER IN SPRING



Oh Give us pleasure in the flowers today
And give us not to think so far away
As the uncertain harvest;keep us here
All simply in the springing of the year.

Oh Give us pleasure in the orchard white,
Like nothing else by day,like ghost by night,
And make us happy in the happy bees,
The swarm dilating round the perfect trees.

And make us happy in the darting bird
That suddenly above the bees in heard,
The meteor that thrusts in with needle bill,
And off a blossomin mid air stands still.

For this is Love and nothing else is Love,
The which it is reserved for God above,
To stanctify to what far ends the will,
But which it only needs that we fulfill

**ROBERT FROST**

## ഓർമ്മിക്കാൻ......

# QUOTES

Even in the most desperate moments of life, there will always be a ray of hope.

Happiness is a person’s most cherished goal.

True happiness is to enjoy the present without being too anxious about future.

Happiness cannot be materialistic, it comes from our relationships with other.

Life gives us challenges ; it is up to us to take them as opportunities or problems.

Our life is a mixture of happy and sad. We must overcome all difficulties in our life.

Every cloud has a silver lining .

**Love is precious than wealth.**

**RASHA FATHIMA 9**

# MY SCHOOL



It’s really like a home
where I can think freely
There I have my teachers
Who care me as my parents
It’s the heavenly place
Where I find the real meaning of love
There I have truth full friends
Who show me the path of ‘friendship’
it’s the platform of my life
Where I build my career
There my abilities are proven
And my tears wiped
It’s such a beautiful place
where I have never see
There I wiped all darkness of life
It’s the lamp in my heart
Till the last breath in this world
I need the love and care of my teachers
I will make my parents, teachers and friends
Proud of my deeds after going from this school.

Sanju m.s 8:B

# പ്രകൃതിസൗന്ദര്യവും കലാസൗന്ദര്യവും

മനുഷ്യൻ പ്രകൃതിയിൽനിന്നു വിഭിന്നനാണെന്നുള്ള സന്ക്കൽപ്പമാണ് പ്രകൃതിസൗന്ദര്യവും കലാസൗന്ദര്യവും തമ്മിലുള്ള വിവേചനത്തിനു നിദാനം. മനുഷ്യനും പ്രകൃതിയുടെ അംശമാണെന്ന് വാദിച്ചാൽ ഈ വിവേചനത്തിന് അടിസ്ഥാനമില്ലാതാകയും മനുഷ്യനിർമ്മിതമായ കലാസൗന്ദര്യം പ്രകൃതി സൗന്ദര്യത്തിന്റെ ഒരംശം മാത്രമാണെന്നു സമ്മതിക്കേണ്ടിവരികയും ചെയ്യും. ഒട്ടുമാവു വളർത്തുന്നതിൽ ഒട്ടിക്കൽ എന്ന കർമ്മം മനുഷ്യൻ ചെയ്യുന്നതാണെങ്കിലും അത് പുഷ്പിക്കുകയും കായ്ക്കുകയും ചെയ്യുന്നത് ആരുടെ ശക്തികൊണ്ടാണ് ?

മനുഷ്യൻ പ്രകൃതിയുടെ അംശമാണെങ്കിൽ എല്ലാ ശക്തിയും എല്ലാ സൗന്ദര്യവും പ്രകൃതിയുടേതു തന്നെ.എന്നാലും സാമാന്യവ്യവഹാരത്തിൽ പ്രകൃതിയേയും മനുഷ്യനേയും നാം വേർതിരിക്കാറുണ്ട്.ഇതിനെ ആസ്പദമാക്കിയാണ് പ്രകൃതിസൗന്ദര്യത്തേയും കലാസൗന്ദര്യത്തേയും ഇവിടെ വ്യവഛേദിക്കുന്നത്.

പ്രകൃതി എപ്പോഴും മാറിമാറിക്കൊണ്ടിരിക്കുന്നു. അതിന്റെ ഓരോ ഭാവവും ക്ഷണികമാണ്. ഈ ഭാവങ്ങളിൽ ചിലതു നമ്മിൽ സൗന്ദര്യപ്രതീതി ഉളവാക്കുവാൻ പര്യപ്തമായിരിക്കാം.എന്നിരുന്നാലും അതിനു സ്ഥിരതയില്ല. നേരെമറിച്ച്, കലയിൽ രമണീയഭാവത്തിനു സ്ഥിരപ്രതിഷ്ഠ ലഭിക്കുന്നു.ആ ഭാവത്തിനു മാറ്റം സംഭവിക്കുന്നില്ല. ആസ്വാദകന്മാർ വന്നും പോയും കൊണ്ടിരിക്കുന്നു.എന്നാൽ കലനിശ്ചലമായിത്തന്നെ നിലകൊള്ളുന്നു.പ്രകൃതിഭാവങ്ങളുടെ ക്ഷണികതയെ അപേക്ഷിച്ച് കലയുടെ ഭാവം ചിരസ്ഥായിയാണ്.

പ്രകൃതിയിൽ കേവലസൗന്ദര്യം അസുലഭമാണ്.പലപ്പോഴും,ഖനിയിൽ നിന്നു കുഴിച്ചെടുക്കുന്ന ലോഹം പോലെ,പ്രകൃതിസൗന്ദര്യം അസംഗതമായ മറ്റുപലതിനോടും കലർന്നു സന്കീർണ്ണമായിട്ടാണ് ആവിർഭവിക്കുക. ഇന്നാട്ടിലെ ഒരു നദിയുടെ സൗന്ദര്യം നാം ആസ്വദിച്ചു കൊണ്ടിരിക്കുംപോൾ ആ നദിയുടെ തീരത്തിരുന്നു ജലം മലിനമാക്കുന്ന പാപികളുടെ കാഴ്ച നമ്മുടെ ആസ്വാദനത്തിനു വിലങ്ങുതടിയായി നിൽക്കുന്നു.കലർപ്പില്ലാത്ത സൗന്ദര്യം കലയിലാണ് പ്രായേണ കണ്ടുവരുന്നത്.അപ്രകൃതവും അസംസ്കൃതവുമായ അംശങ്ങൾ ഉപേക്ഷിച്ച്,സൗന്ദര്യസാരം മാത്രം ആവിഷ്ക്കരിക്കുവാനാണ് കലാകാരൻ ശ്രമിക്കുന്നത്.തന്മൂലം കലാസൗന്ദര്യത്തിന്റെ പ്രതീതി ഏകാഗ്രവും അഭംഗുരവുമായിരിക്കും.

പ്രകൃതിക്കു സൗന്ദര്യം സൃഷ്ടിക്കുക മാത്രമല്ല, ഒഴിച്ചുകൂടാത്ത വേറെ പല ജോലികളുമുണ്ട്.യാദൃച്ഛികമായി മാത്രമേ പ്രകൃതിസൗന്ദര്യം ദ്രഷ്ടവ്യമാകുന്നുള്ളു. വസന്തത്തിലൂടെ പുഞ്ചിരിതൂകുന്ന പ്രകൃതി ചിലപ്പോൾ നഖത്തിലും ദന്തത്തിലും രക്തംപുരണ്ട ഉഗ്രരൂപിണിയായും പ്രത്യക്ഷപ്പെടുന്നു. എന്നാൽ കലാസൃഷ്ടിയിൽ ലക്ഷ്യപ്രാപ്തിയെ മുൻനിറുത്തിയുള്ള ഉപകരണസംവിധാനത്തിൽ നിന്നുളവാക്കുന്ന സൗന്ദര്യാവിഷ്കരണമാണ് നാം കാണുന്നത്. കല സോദ്ദേശമാണ് ; ആകസ്മികമല്ല. യാതൊരു അനുഭൂ-തിയിൽനിന്ന് അതു ജന്മമെടുക്കുന്നുവോ ആ അനുഭൂതിയെ സമഗ്രമായി ശേഖരിച്ച് , ഉചിതമായ രൂപത്തിൽ ആവിഷ്കരിച്ച് ഇതരന്മാർക്ക് പകർന്നു കൊടുക്കുകയാണ് അതിന്റെ ലക്ഷ്യം. കലാസൗന്ദര്യത്തെ പ്രകൃ-തിസൗന്ദര്യത്തിൽ നിന്നു വേർതിരിക്കുന്നത് മനുഷ്യന്റെ സർഗ്ഗപരമായ ചിത്തവൃത്തിയാണ്.

പ്രകൃതിസൗന്ദര്യത്തിന്റെ അനുഭൂതി ഓരോരുത്തനും സ്വകീയമാണ്. അത് അവിടെത്തന്നെ അവസസാനിക്കുന്നു . എന്നാൽ കലാസൗന്ദര്യം ഒരുവക പരസ്യപ്പെടുത്തലാണ്. കലാകാരന്റെ അനുഭൂതികലാമാർഗ്ഗമായി പ്രക്ഷേപിക്കപ്പെട്ട് തത്തുല്യമായ അനുഭൂതി ആസ്വാദകന്റെ അന്തരംഗത്തിലും ഉളവാക്കുന്നു.

പ്രക്ഷേപണമില്ലെന്കിൽ കലയില്ല. കലാകാരൻ മാത്രം ആസ്വദിക്കുവാനാണ് കലാസൃഷ്ടി ചെയ്യു-ന്നതെന്നുള്ള വാദം അനുഭവത്തിനു യോജിച്ചതല്ല . സ്വകീയമായ അനുഭൂതി ഇതരന്മാരുടെ അന്തരംഗത്തിൽപകർത്തിക്കഴിയുമ്പോളാണ് കല ചരിതാർത്ഥമാകുന്നത്. ഒരു വിധത്തിൽ നോക്കിയാൽ ഇത് വെറും പ്രചാരണമാണെന്നു സമ്മതിക്കണം. പക്ഷേ , ഈ പ്രചാരണോദ്ദേശ്യമില്ലായിരുന്നുവെന്കിൽ കലയെന്നൊന്നുണ്ടാകുമായിരുന്നോ എന്ന് ആലോചിക്കേണ്ടതാണ്. കലാകാരന്റെ ഉദ്ദേശ്യം സൗന്ദര്യം സൃ-ഷ്ടിക്കുകയാണെന്നുപോലും പറയാവതല്ല. തന്റെ കൃതി സുന്ദരമാണോ അല്ലയോ എന്ന് അയാൾ സൃഷ്-ടിയിലേർപ്പെട്ടിരിക്കുമ്പോൾ ആലോചിക്കാറില്ല . തന്റെ അനുഭൂതിയെ പൂർണ്ണമായും സമ്യക്കായും ആവിഷ്-കരിക്കാനാണ് അയാളുടെ ഉദ്യമം.അയാളുടെ ശ്രമം ഫലവത്തായെന്നുള്ളതിന്റെ ഒരു മുദ്രയാണ് സൗന്ദര്യം.

കലാസൗന്ദര്യം പ്രകൃതിസൗന്ദര്യത്തിന്റെ അനുകരണമല്ല .കലാസൃഷ്ടിക്കു പ്രേരകമായ അനുഭൂതി പ്രകൃതിയിൽനിന്നു ലഭിച്ചതാണെന്നിരുന്നാൽത്തന്നെയും, അത് കലാരൂപം പ്രാപിക്കുമ്പോൾ അതിൽ നൂതനമായ ഒരംശം കലരുന്നുണ്ട്. കലാകാരൻ അനുഭൂതിക്കു കല്പിക്കുന്ന മൂല്യമാണ് ഈ നൂ-തനാംശം. പ്രകൃതിയിൽനിന്നുള്ള പ്രചോദനവും കലാകാരന്റെ പ്രത്യാഘാതവും ചേർന്നുള്ള ഒരു ശക്തിവിശേഷമാണ് കലയിൽ അവതരിക്കുന്നത്. പ്രേരകമായ അനുഭൂതി സുന്ദരമായിരിക്കണമെന്നില്ല.
അതു ചിലപ്പോൾ ബീഭത്സവും ചിലപ്പോൾ ശോകമയവും ആയിരുന്നേക്കാം. എന്നാലും അതിന്റെ കലാരൂപമായ ആവിഷ്കരണം തീർച്ചയായും സൗന്ദര്യാത്മകമായിരിക്കും.കലാനിർമ്മാണത്തിലെ ഒരു വിരോധാഭാസമാണിത്.

**ഷഹല 10 F**

# മാടത്ത് തെക്കേപ്പാട്ട് വാസുദേവൻ നായർ

## മലയാള സാഹിത്യ ലേകത്തെ അതുല്യ പ്രതിഭ



നോവലിസ്റ്റ്, തിരക്കഥാകൃത്ത്, ചലച്ചിത്രസംവിധായകൻ സാഹിത്യകാരൻ, നാടകകൃത്ത് എന്നീ നിലകളിൽ പ്രശസ്തനായ മലയാളിയാണ് മാടത്ത് തെക്കേപ്പാട്ട് വാസുദേവൻ നായർ എന്ന എം.ടി.വാസുദേവൻ നായർ. ജനനം: 1933 ജൂലൈ 15. മലയാളസാഹിത്യത്തിലും ചലച്ചിത്രരംഗത്തും വ്യക്തിമുദ്ര പതിപ്പിച്ച ഇദ്ദേഹം എം.ടി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്നു. അദ്ധ്യാപകൻ, പത്രാധിപർ, എന്നീ നിലകളിലും പ്രവർത്തിച്ച ഇദ്ദേഹത്തിന് പത്മഭൂഷൺ, ജ്ഞാനപീഠം എന്നിവയുൾപ്പെടെ ഒട്ടേറെ പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

കോപ്പൻ മാസ്റ്ററുടെ കുടിപ്പള്ളിക്കൂടത്തിലാണ് വിദ്യാഭ്യാസം ആരംഭിച്ചത്. പിന്നെ, മലമക്കാവ് എലിമെന്ററി സ്കൂളിലും കുമരനെല്ലൂർ ഹൈസ്കൂളിലും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. പാലക്കാട് വിക്ടോറിയ കോളേജിൽ ഉപരിപഠനം. രസതന്ത്രമായിരുന്നുഐച്ഛികവിഷയം. ഔദ്യോഗികജീവിതംകൂടുതലും കോഴിക്കോടായിരുന്നു. സ്കൂൾവിദ്യാഭ്യാസകാലത്തു തന്നെ സാഹിത്യരചന തുടങ്ങി. വിക്ടോറിയ കോളേജിൽ ബിരുദത്തിനു പഠിക്കുമ്പോൾ രക്തംപുരണ്ട മൺതരികൾ എന്ന ആദ്യത്തെ കഥാസമാഹാരം പുറത്തിറങ്ങി. 1954-ൽ ന്യൂയോർക്ക് ഹെറാൾഡ് ട്രിബ്യൂൺ സംഘടിപ്പിച്ച ലോകചെറുകഥാമത്സരത്തിന്റെ ഭാഗമായി കേരളത്തിൽ മാതൃഭൂമി നടത്തിയ കഥാമത്സരത്തിൽ എം.ടി.യുടെ വളർത്തുമൃഗങ്ങൾ എന്ന കഥ ഒന്നാം

സ്ഥാനം നേടി. ഇതോടെയാണ് മലയാളസാഹിത്യത്തിൽ അദ്ദേഹം ശ്രദ്ധേയനായിത്തീർന്നത്.




1957-ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ സബ് എഡിറ്ററായി ചേർന്നു. പാതിരാവും പകൽവെളിച്ചവും എന്ന ആദ്യനോവൽ ഈ സമയത്താണു ഖണ്ഡശഃ പുറത്തുവന്നത്. ആദ്യമായി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ച നോവൽ നാലുകെട്ട് ആണ്. ആദ്യനോവലിനു തന്നെ കേരളാ സാഹിത്യ അക്കാദമി പുരസ്കാരവും ലഭിച്ചു. പിൽക്കാലത്ത് സ്വർഗ്ഗം തുറക്കുന്ന സമയം, ഗോപുരനടയിൽ എന്നീ കൃതികൾക്കും കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. 1963-64 കാലത്ത് സ്വന്തം കഥയായ മുറപ്പെണ്ണ് തിരക്കഥയായെഴുതി എം.ടി. ചലച്ചിത്രലോകത്ത് പ്രവേശിച്ചു. 1973-ൽ ആദ്യമായി സംവിധാനം ചെയ്ത നിർമാല്യം എന്ന ചിത്രത്തിന് രാഷ്ട്രപതിയുടെ സ്വർണ്ണപ്പതക്കം ലഭിച്ചു. അമ്പതിലേറെ തിരക്കഥകളെഴുതിയിട്ടുള്ള അദ്ദേഹത്തിന് നാലുതവണ ഈ മേഖലയിൽ ദേശീയപുരസ്കാരം ലഭിച്ചു. ഇതുകൂടാതെ കാലം(1970-കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്), രണ്ടാമൂഴം (1985-വയലാർ അവാർഡ്), വാനപ്രസ്ഥം (ഓടക്കുഴൽ അവാർഡ്), എന്നീ കൃതികൾക്കും പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കടവ്, ഒരു വടക്കൻ വീരഗാഥ, സദയം, പരിണയം തുടങ്ങിയ ചിത്രങ്ങൾക്കും ദേശീയപുരസ്കാരം ലഭിച്ചു. 2005 -ലെ മാതൃഭൂമി പുരസ്കാരവും എം.ടിക്ക് തന്നെയായിരുന്നു. മലയാളസാഹിത്യത്തിനു നൽകിയ അമൂല്യ സംഭാവനകൾ കണക്കിലെടുത്ത് 1996-ൽ കാലിക്കറ്റ് സർവ്വകലാശാല ബഹുമാനസൂചകമായി ഡി.ലിറ്റ്. ബിരുദം നൽകി ആദരിച്ചു. 1995-ലെ ജ്ഞാനപീഠ പുരസ്കാരം അദ്ദേഹത്തിനു ലഭിച്ചു. 2005-ൽ പത്മഭൂഷൺ നൽകി എം.ടിയിലെ പ്രതിഭയെ ഭാരതസർക്കാർ ആദരിക്കുകയുണ്ടായി.

മാതൃഭൂമി പ്രസിദ്ധീകരണങ്ങളുടെ പത്രാധിപർ, കേരള സാഹിത്യ അക്കാദമി അദ്ധ്യക്ഷൻ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. 1999 -ൽ മാതൃഭൂമി പ്രസിദ്ധീകരണങ്ങളുടെ പത്രാധിപസ്ഥാനത്തുനിന്നു വിരമിച്ചു. 1993 ജനുവരി 23



മുതൽ തുഞ്ചൻ സ്മാരക സമിതി അദ്ധ്യക്ഷനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എം.ടി.വാസുദേവൻനായർ എന്ന സാഹിത്യകാരൻ ഒരു പരിസ്ഥിതിവാദി കൂടിയാണ്. നിളയുടെ കഥാകാരൻ എന്നറിയപ്പെടുന്ന വാസുദേവൻ നായർ നിളാനദിയെയും ചുറ്റുമുള്ള പരിസ്ഥിതിപ്രശ്നങ്ങളെയും കുറിച്ച് പലപ്പോഴായി എഴുതിയ ലേഖനങ്ങൾ കണ്ണാന്തളിപ്പൂക്കളുടെ കാലം എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.നിർമ്മാല്യം സാമൂഹിക പ്രാധാന്യമുള്ള കൃതിയാണ്. **1995**-ൽ ഭാരതത്തിലെ സാഹിത്യരംഗത്തെ ഏറ്റവും ഉയർന്ന പുരസ്കാരമായ ജ്ഞാനപീഠം എം.ടി.ക്ക് ലഭിച്ചു. **2005**-ൽ എം.ടി.യെ പത്മഭൂഷൺ ബഹുമതി നൽകി രാഷ്ട്രം ആദരിച്ചു. **2013**-ൽ കേന്ദ്ര സാഹിത്യ അക്കാദമി ഫെല്ലോഷിപ് നൽകി. ഗോപുരനടയിൽ എന്ന നാടകവും കാഥികന്റെ കല, കാഥികന്റെ പണിപ്പുര, ഹെമിംഗ്വേ ഒരു മുഖവുര എന്നീ പ്രബന്ധങ്ങളും, ജാലകങ്ങളും കവാടങ്ങളും, വൻകടലിലെ തുഴവള്ളക്കാർ തുടങ്ങിയ ഗ്രന്ഥങ്ങളും രചിച്ചു

അലീഫ 9 G

## മലയാളം ചെറുകഥ

'വിദ്യാവിനോദിനി' മാസികയിൽ 1891-ൽ (1066 കുംഭം) പ്രസിദ്ധീകരിച്ച വാസനാ വികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ. പത്രപ്രവർത്തകനായിരുന്ന കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരാണ് വാസനാ വികൃതി രചിച്ചത്. കഥാകൃത്തിന്റെ പേരു വയ്ക്കാതെയാണ് ഈ ചെറുകഥ പ്രസിദ്ധീകരിച്ചത്. സി. എസ്. ഗോപാലപ്പണിക്കർ, മൂർക്കോത്തു കുമാരൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അമ്പാടി നാരായണപ്പുതുവാൾ, എം. ആർ. കെ. സി., കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖരായ ആദ്യകാല കഥാകൃത്തുക്കൾ.

ഒന്നാം ഘട്ടം

പത്രമാസികകളുടെ പ്രചാരമാണ് ചെറുകഥയ്ക്ക് വായനക്കാരെ സൃഷ്ടിച്ചത്. ഈ അന്തരീക്ഷം ഒട്ടേറെ എഴുത്തുകാരെ ചെറുകഥയിലേക്ക് ആകർഷിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, പന്തളം കേരളവർമ്മ, സി. പി. അച്യുതമേനോൻ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കാരാട്ട് അച്യുതമേനോൻ, തേലപ്പുറത്ത് നാരായണൻ നമ്പി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, എം.

രത്നം, എൻ. എം. ദാസ്, ഇ. ഐ. പങ്ങിയച്ചൻ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, സി. ശങ്കരവാരിയർ, പി. ജി. രാമയ്യർ, അമ്പാടി കാർത്ത്യായനി അമ്മ, വി. പാർവതിയമ്മ, ടി. സി. കല്യാണിയമ്മ തുടങ്ങി ഒട്ടേറെ എഴുത്തുകാർ ആദ്യകാലത്ത് ചെറുകഥകളെഴുതിയിരുന്നു. ഈ ആദ്യഘട്ടത്തിന്റെ ഒടുവിൽ രംഗത്തു വന്ന

കഥാകൃത്തുക്കളാണ് കെ. പി. കേശവമേനോൻ, ചേലനാട്ട് അച്യുതമേനോൻ, കെ. എൻ. എഴുത്തച്ഛൻ, എസ്. രാമാവാരിയർ, സി. എ. കിട്ടുണ്ണി, പാവുണ്ണി തൈക്കാട്, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.

രണ്ടാം ഘട്ടം

1925 മുതൽ ചെറുകഥയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. വ്യക്തമായ സാമൂഹിക വീക്ഷണത്തോടുകൂടി എഴുതിയ ചെറുകഥകളുടെ ഘട്ടമാണത്. വി. ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, എം. ആർ. ബി തുടങ്ങിയവരുടെ കഥകളാണ് ഇതിനുദാഹരണം. 1920-കൾ മുതൽ ലോകകഥയെ പരിചയപ്പെടുത്തിയും ചെറുകഥയുടെ സൗന്ദര്യശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തും നിരൂപകനായ കേസരി ബാലകൃഷ്ണപിള്ള പുതിയൊരു സാഹിത്യാവബോധം മലയാളത്തിൽ സൃഷ്ടിച്ചു. ചെറുകഥയിലും നോവലിലും പരിവർത്തനം കൊണ്ടുവരാൻ

ചെറിയ സഹായമല്ല കേസരി ചെയ്തത്. ഒട്ടേറെ യൂറോപ്യൻ ചെറുകഥകൾ വിവർത്തനം ചെയ്തും കേസരി മാതൃക കാണിച്ചു. ജീവൽസാഹിത്യ പ്രസ്ഥനവും പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യത്തിന് പുതിയ ലക്ഷ്യബോധം പകരുകയും ചെയ്തു. ഈ പരിവർത്തന ദശയിൽ ഉയർന്നു വന്ന അഞ്ചു കഥാകൃത്തുക്കൾ മലയാള കഥയുടെ സുവർണ്ണയുഗത്തിന്റെ സ്രഷ്ടാക്കളായി മാറി. എസ്. കെ. പൊറ്റക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നിവരാണവർ.

**സുവർണ്ണകാലം**

പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്ട്, കേശവദേവ്, തകഴി, ബഷീർ എന്നീ അഞ്ചു പേരും ലളിതാംബിക അന്തർജ്ജനം, കാരൂർ നീലകണ്ഠപ്പിള്ള,

ഉറൂബ് (പി. സി. കുട്ടികൃഷ്ണൻ), കെ. സരസ്വതിയമ്മ തുടങ്ങിയവരും ചേർന്നാണ് 1930- കൾക്കു ശേഷം മലയാള കഥയിലെ സുവർണ്ണയുഗം സൃഷ്ടിച്ചത്. റിയലിസത്തിന്റെ സന്ദേശമാണ് അവർ ഉയർത്തിയത്. അദ്ഭുതരസവും പരിണാമ ഗുപ്തിയും തൊലിപ്പുറമേയുള്ള ഫലിതവും നിറഞ്ഞ ആദ്യകാല കഥകളിൽ നിന്നുള്ള വമ്പൻ കുതിച്ചു ചാട്ടമാണ് ഈ തലമുറ നിർവഹിച്ചത്.

ദരിദ്രമനുഷ്യരുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും രാഷ്ട്രീയസമരവും അധികാര വിമർശനവും ഈ കഥാകൃത്തുക്കളുടെ പ്രമേയമായി. വർക്കിയുടെ മന്ത്രിക്കെട്ട്, അന്തോണീ നീയുമച്ചനായോടാ, ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ, കേശവദേവിന്റെ ഉസ്താദ്, ക്ലൾഡ്രിങ്ക്, പ്രതിജ്ഞ, ബഷീറിന്റെ നീലവെളിച്ചം, ജന്മദിനം, ടൈഗർ, പൊറ്റക്കാട്ടിന്റെ ഒട്ടകം, ഏഴിലംപാല, കാട്ടുചെമ്പകം, നിശാഗന്ധി, കാരൂരിന്റെ മരപ്പാവകൾ, പൂവമ്പഴം, അരഞ്ഞാണം, ഉറൂബിന്റെ കിണർ, മോതിരം, പിശാചിന്റെ കുപ്പായം, അന്തർ ജനത്തിന്റെ മാണിക്കൻ, പ്രതികാരദേവത, സരസ്വതിയമ്മയുടെ പെൺബുദ്ധി, ചോലമരങ്ങൾ തുടങ്ങിയ എത്രയോ കഥകൾ ആ സുവർണ്ണഘട്ടത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.

ഒട്ടേറെ പുതിയ എഴുത്തുകാർ 1940-കളിൽ ചെറുകഥാരംഗത്തെ വികസ്വരമാക്കി. പുളിമാന പരമേശ്വരപിള്ള, നാഗവള്ളി ആർ. എസ്. കുറുപ്പ്, വെട്ടൂർ രാമൻ നായർ, പോഞ്ഞിക്കര റാഫി, ടി. കെ. സി. വടുതല തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ശ്രദ്ധേയരായിത്തീർന്നു. മുട്ടത്തു വർക്കി, വൈക്കം ചന്ദ്രശേഖരൻ നായർ, ചെറുകാട്, ഐ. കെ. കെ. എം., എം. പരമേശ്വരൻ

നായർ, പെരുന്ന തോമസ്, എൻ. ഗോവിന്ദൻകുട്ടി, ടാറ്റാപുരം സുകുമാരൻ, ബി. മാധവമേനോൻ, ഡി. എം. പൊറ്റെക്കാട്ട്, സി. അച്യുതക്കുറുപ്പ്, എസ്. കെ. ആർ.

കമ്മത്ത്, ഇ. എം. കോവൂർ, എം. എൻ. ഗോവിന്ദൻ നായർ, വേളൂർ കൃഷ്ണൻ കുട്ടി, പി. കെ. രാജരാജവർമ, ആനന്ദക്കുട്ടൻ, എൻ. പി. ചെല്ലപ്പൻ നായർ, പി. സി. കോരുത്, വി. ടി. നന്ദകുമാർ, സരളാരാമവർമ, എസ്. കെ. മാരാർ തുടങ്ങി ഒട്ടേറെ കഥയെഴുത്തുകാർ 1940 കൾക്കു ശേഷം ഉയർന്നു വന്നവരാണ്.

മൂന്നാം ഘട്ടം

1950-കൾ മുതൽ ചെറുകഥ അന്നുവരെയുള്ളതിൽ നിന്നു വ്യത്യസ്തമായ വഴിയിൽ സഞ്ചരിക്കാൻ തുടങ്ങി. സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ ഏകാഗ്രവും സൂക്ഷ്മവുമായ ശില്പമായിത്തീർന്ന ഈ ഘട്ടത്തിലെ കഥകൾ ആന്തരികാനുഭവങ്ങൾക്കും മനോവൃത്തികൾക്കും പ്രാധാന്യം നൽകി. ബിംബ പ്രധാനമായ ആഖ്യാനരീതിയും പ്രാബല്യം നേടി. ഏകാകിയുടെ വേദനകൾ ആവിഷ്കരിക്കുന്ന കഥകളായിരുന്നു ഈ പുതുഭാവുകത്വത്തിലെ ശ്രദ്ധേയമായ രചനകളിൽ പലതും. എം. ടി. വാസുദേവൻ നായരുടെയും ടി. പദ്മനാഭന്റെയും കഥകളാണ് ഈ ഭാവപരിവർത്തനത്തിനു തുടക്കമിട്ടത്. എം. ടി. യുടെ

ബന്ധനം, വളർത്തു മൃഗങ്ങൾ, കുട്ട്യേടത്തി, ഇരുട്ടിന്റെ ആത്മാവ്, പള്ളിവാളും കാൽചിലമ്പും, ഓപ്പോള്, വാരിക്കുഴി, സുകൃതം, അജ്ഞാതന്റെ ഉയരാത്ത സ്മാരകം, വാനപ്രസ്ഥം, ഷെർലക് തുടങ്ങിയ കഥകൾ അതിപ്രശസ്തമാണ്. കടയനെല്ലൂരിലെ ഒരു സ്ത്രീ, കാലഭൈരവൻ, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി,

മഖൻസിങ്ങിന്റെ മരണം, ഭയം, ഹാരിസൺ സായ്‌വിന്റെ നായ, ശേഖൂട്ടി, ഗോട്ടി, ഗൗരി തുടങ്ങിയ ഒട്ടേറെ പ്രശസ്ത കഥകളുടെ കർത്താവാണ് ടി. പദ്മനാഭൻ.

എൻ. പി. മുഹമ്മദ്, കെ. ടി മുഹമ്മദ്, പി. എ. മുഹമ്മദ് കോയ, സി. രാധാകൃഷ്ണൻ, കോവിലൻ, പാറപ്പുറത്ത്, ജി. എൻ. പണിക്കർ, തുളസി, നന്തനാർ, വിനയൻ, ജി. വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ പുത്തൂർ തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾകൂടി ചേർന്നതാണ് മൂന്നാംഘട്ടം.

ആധുനികതയുടെ കാലമാണ് ചെറുകഥയിലെ **നാലാം ഘട്ടം.** നഗരകേന്ദ്രിതമായ ആധുനിക സമൂഹത്തിൽ മാനുഷിക മൂല്യങ്ങളും മനുഷ്യസ്ഥിത്വവും നേരിട്ട പ്രതിസന്ധികളും ജീവിതത്തിനുണ്ടായ അന്യവത്കരണവും ഏകാന്തതാബോധവുമൊക്കെയായിരുന്ന ആധുനികരുടെ വിഷയങ്ങൾ. ഒ. വി. വിജയൻ, മാധവിക്കുട്ടി, എം. പി. നാരായണപിള്ള, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, വി. കെ. എൻ., ടി. ആർ., കെ. പി. നിർമൽ കുമാർ, മേതിൽ രാധാകൃഷ്ണൻ, എം. സുകുമാരൻ, പി. കെ. നാണു, യു. പി. ജയരാജ്, സി. ആർ. പരമേശ്വരൻ, സക്കറിയ, സി. വി. ശ്രീരാമൻ, പി. വത്സല, എസ്. വി. വേണുഗോപൻ നായർ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻ കുട്ടി, തുടങ്ങിയ ഒട്ടേറെപ്പേരുൾപ്പെടുന്നതാണ് ആധുനികതയുടെ തലമുറ. ഒ. വി. വിജയന്റെ എണ്ണ, അരിമ്പാറ, കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ, മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം, നാവിക വേഷം ധരിച്ച കുട്ടി, പരുന്തുകൾ, നെയ്പ്പായസം, കാക്കനാടന്റെ ശ്രീചക്രം, നിഷാദസങ്കീർത്തനം, യൂസഫ് സരായിയിലെ വ്യാപാരി, കുഞ്ഞമ്മപ്പാലം, എം. പി. നാരായണപിള്ളയുടെ ജോർജ്ജ് ആറാമന്റെ കോടതി, മുരുകൻ എന്ന പാമ്പാട്ടി, എം. മുകുന്ദന്റെ രാധ രാധമാത്രം, അഞ്ചര വയസ്സുള്ള

കുട്ടി, ദൽഹി 1981 തുടങ്ങിയ കഥകൾ ആധുനിക ചെറുകഥയുടെ മികച്ച മാതൃകകളാണ്.

ആധുനികതയുടെ പ്രഭാവ കാലത്തു തന്നെ അതിൽ നിന്നു വ്യത്യസ്തമായി എഴുതാൻ ശ്രമിച്ച ഒരുപറ്റം കഥാകൃത്തുക്കൾ രംഗത്തു വന്നു. വി. പി. ശിവകുമാർ, എൻ. എസ്. മാധവൻ,

അയ്മനം ജോൺ, യു. കെ. കുമാരൻ, സി. വി. ബാലകൃഷ്ണൻ, സാറാ ജോസഫ്, എൻ. പ്രഭാകരൻ, അഷ്ടമൂർത്തി, ടി. വി. കൊച്ചു ബാവ, വി. ആർ. സുധീഷ്, അക്ബർ കക്കട്ടിൽ, എം. രാജീവ് കുമാർ, മാനസി, ഇ. വി. ശ്രീധരൻ തുടങ്ങിയവയെല്ലാം ഈ തലമുറയിൽ ഉൾപ്പെടുന്നു. വിശാലാർത്ഥത്തിൽ ആധുനികതയുടെ ഭാഗമാണ് ഈ എഴുത്തുകാരും.

ഉത്തരാധുനികത


**1990-** കൾ മുതൽ ആവിർഭവിച്ച ഭാവുകത്വത്തെയാണ് ഉത്തരാധുനികതയെന്നു വിശേഷിപ്പിക്കുന്നത്. കഴിഞ്ഞ തലമുറയിൽപ്പെട്ടവരും ഈ പുതുഭാവുകത്വ രീതി സ്വാംശീകരിച്ചു കഴിഞ്ഞിട്ടുണ്ട്. തോമസ് ജോസഫ്, വി. വിനയകുമാർ, അശോകൻ ചരുവിൽ, സുഭാഷ് ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, ബി. മുരളി, ഉണ്ണി ആർ. തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾ ഉൾപ്പെടുന്നതാണ് ചെറുകഥയുടെ ഈ വർത്തമാനകാല തലമുറ.

മരിയ സൈമൺ **9 C**

# FROM BIRTH TO DEATH

William Shakespeare  is well known as great play writer and a poet. He compares the world to a stage and life to a play. Were we all have our exists and entrances. The poem all the world is a stage depicts the seven ages of life from birth to death. Now over to the poem...

All the world is a stage
And all the men and women merely players
They have their exists and entrances
And one man in his time plays many parts
His acts being seven ages
At first, the infant mewling and puking
In the nurses arms .
Then the whining school boy boy
With his satchel, and shining morning face
Creeping like a nail unwillingly to school.
Then the lover sighing like a furnace with a woeful ballad
Made to his mistress eyebrow.
Then a soldier full of strange oaths
And bearded like pad, jealous in honour
Sudden and quick in quarrel
Seeking the bubble reputation.



Even in the canons mouth
And then the justice
In fair round belly with good capon lined
Full wise saws and modern instances
And so he plays his parts
The sixth age shifts into a lean and slippered pantaloon
With spectacles on nose and pouch on side
His youth full horse well saved
A world too wild.
For his shrunk shank and his big manly voice turning against towards
A childish trouble pipes and whistles
In his sound the last scene of all
That ends this strange event full history
Is second childishness and mere oblivion
Sans teeth, sans eyes, sans taste, sans everything.

**William Shakespeare.**

മരിയ സൈമൺ 9 C

# FRIENDS FOR EVER

I love my friends
Friends are like angels
They care me well
Friends are like flowers
They blossom every time
friends are like shining stars
They guide me every time
Friends are like clouds
They connect each other
Friends are like teachers
They teach me good behaviour
YES; friends are precious gift of god
I love my friendship




F few
R relations
I in
E earth
N never
D dies

Irfana 9 B

# രാഷ്ട്ര പിതാവിന്റെ മാന്ത്രിക സൂക്തം....

ഞാൻ നിങ്ങൾക്ക് ഒരു ഉപായം പറഞ്ഞ് തരാം. നിങ്ങൾ സംശയഗ്രസ്ഥരാകുമ്പോഴോ, അഹന്ത നിങ്ങളിൽ അതിരു കവിഴുമ്പോഴോ നിങ്ങൾക്ക് ആ ഉപായം പരീക്ഷിച്ച് നോക്കാം

നിങ്ങൾ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും ദരിദ്രനായ, നിസ്സഹായനായ മനുഷ്യന്റെ മുഖം സങ്കൽപ്പിച്ച നോക്കുക. എന്നിട്ട് നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്ക് ഏതെങ്കിലും തരത്തിൽ പ്രയോജനപ്പെടുമോന്ന് സ്വയം ചോദിക്കുക. അത് കൊണ്ട് അയാൾക്ക് ജീവിത ഭാഗേദയങ്ങളുടെ മേൽ എന്തെങ്കിലും ഒരു നിയന്ത്രണം ഉണ്ടാക്കികൊടുക്കാനാകുമോ**?..**മറ്റൊരു രീതിയിൽ പറഞ്ഞാൽ നമ്മുടെ നാട്ടിൽ ആധ്യാത്മികമായും, ശാരീരികമായും പട്ടിണി കിടക്കുന്ന കോടിക്കണക്കിന് ആളുകൾക്ക് അതു പ്രയോജനമാകുമോ...**?**

അപ്പോൾ സംശയങ്ങൾ ദുരീകരിക്കപ്പെടുകയും അഹന്ത അലിഞ്ഞുപോകുന്നതായും നിങ്ങൾക്ക് അനുഭവപ്പെടും...

ഫാത്തിമ ഫസ്ന

ഒമ്പത് എ



## ജീവിത വിജയത്തിന് …….

**1.** ഒരാളുടെ ഹൃദയത്തിലേക്കുള്ള വഴി അയാളുടെ വയറ്റിലൂടെയാണത്രെ! **---->** ചൈനീസ് പഴമൊഴി

**2.**നിന്റെ ആഹാരം നിന്റെ ഔഷധമാണ് . ആഹാരമല്ലാതെ മറ്റൊരൌഷധവും നിനക്കില്ല.**-->** ഹിപ്പോക്രാറ്റ്സ്

**3.**ആഹാരം പഥ്യമുള്ളതാണെങ്കിൽ ഔഷധത്തിന്റെ ആവശ്യമില്ല.ആഹാരം പഥ്യമുള്ളതല്ലെങ്കിൽ ഔഷധംകൊണ്ട് പ്രയോജനവുമില്ല. **--->** വാഗ്ഭടൻ

**4.** പിന്നെയാകട്ടെ എന്നു നീക്കിവെക്കാതെ അപ്പപ്പോൾ ധർമ്മം അനുഷ്ഠിച്ചാൽ അതു നമ്മെ ഏതുകാലത്തും രക്ഷിക്കും. **--->** തിരുക്കുറൾ

**5.**എന്നിൽ ഒരാരാധനാപാത്രത്തെ കാണാൻ നിങ്ങൾ ശ്രമിക്കരുത് . ദാഹമുള്ളവർ പാത്രത്തിലെ വെള്ളം കുടിക്കട്ടെ . പാത്രത്തെ ആരാധിക്കരുത് **.----->**ജെ.കൃഷ്ണമൂർത്തി.

**6.**അഹങ്കാരമുള്ള മനസ്സും താഴ്മകാണിക്കുന്ന മനസ്സും ഒരുപോലെ വർജ്ജ്യമാണ്. **--->** ജെ.കൃഷ്ണമൂർത്തി.

**7.**മനുഷ്യനെ അലട്ടിക്കൊണ്ടിരിക്കുന്ന എല്ലാ കെടുതികൾക്കും ദുരിതങ്ങൾക്കും ഉത്തമമായ പ്രതിവിധി ജോലിയാണ് **.--->** തോമസ് കാർലൈൻ

**8.**ഓരോ തിരമാലയുടെ പിന്നിലും സമുദ്രത്തിന്റെ സമ്പൂർണ്ണ സാനിദ്ധ്യമുണ്ട്. **--->** സ്വാമി വിവേകാനന്ദന്

**9.**ശ്രമത്തിലാണ് , ഫലപ്രാപ്തിയിലല്ല സംതൃപ്തി ഉളവാകുന്നത് . സമ്പൂർണ്ണ ശ്രമം സമ്പൂർണ്ണ വിജയമാകുന്നു. **-->** ഗാന്ധിജി.

**10.**വിട്ടുവീഴ്ച് നല്ലൊരു കുടയായി ഉപയോഗിക്കാമെങ്കിലും ഒരു മേൽക്കൂരയെന്ന നിലയിൽ അതത്ര ഭദ്രമല്ല. അതൊരു താൽക്കാലിക സംവിധാനമാണ്. **---->** ഡോസ് റസ്സൽ ലവൽ

# അറിവാണ് പ്രകാശം

ശിഷ്യൻമാർക്ക് ഗുരു പാഠങ്ങൾ പറഞ്ഞ് കൊടുക്കുമ്പോൾ ഒരു മധ്യ വയസ്കൻ വന്ന് ഗുരുവിനോട് ചോദിച്ചു. ഗുരോ.. അങ്ങ് ജ്ഞാനിയാണല്ലോ... എനിക്ക് ചില ചോദ്യങ്ങൾ ഉണ്ട്. എന്താണ് ജനനവും മരണവും? നാം എവിടെ നിന്ന് വരുന്നു?

ഗുരു അയാളോട് അടുത്ത മുറിയിൽ ന്ന്ന് ഒരു ഗ്രന്ഥമെടുക്കാൻ പറഞ്ഞു. അയാൾ ആ മുറിയിലേക്ക് ചെന്നപ്പോൾ കൂരിരുട്ടായിരുന്നു. അയാൾ വെറും കയ്യോടെ തിരികെ വന്നു. ഗുരു പറഞ്ഞു .ഒരു മെഴുക്കുതിരി കത്തിച്ചു നോക്കൂ..ഗ്രന്ഥവുമായി വന്ന അയാളോട് മെഴുകുതിരി ഊതി കെടുത്താൻ ഗുരു നിർദേശിച്ചു.അയാൾ അപ്രകാരം ചെയ്തു.

ഗുരു ചോദിച്ചു നിങ്ങൾ ആ മെഴുകുതിരി ഊതിക്കെടുത്തിയപ്പോൾ വെളിച്ചം എങ്ങോട്ടാണ് പോയത് അത് എവിടെ നിന്നാണ് വന്നത്? എനിക്കറിയില്ല ഗുരു അയാൾ മറുപടി നൽകി ഗുരു ഒരു ചെറു പുഞ്ചിരിയോടെ ഇങ്ങനെ പറഞ്ഞു വെളിച്ചം എവിടെനിന്നു വന്നുവെന്നും എവിടേക്കു പോയെന്നും നിനക്കറിയില്ല എന്നാൽ ആ വെളിച്ചം ഉണ്ടായപ്പോൾ പ്രയോജനപ്രദമായ ചിലത് ചെയ്യാൻ നിനക്ക് പറ്റി ഇതുപോലെ ജീവിച്ചിരിക്കുമ്പോൾ ജനിച്ചത് എങ്ങനെ മരിക്കുന്നതെങ്ങനെ എന്നും ചിന്തിച്ചു പ്രയാസപ്പെടാതെ നിനക്കും മറ്റുള്ളവർക്കും പ്രയോജനപ്രദമായ കർമ്മങ്ങളിൽ ഏർപ്പെട്ട് ജീവിതം അർത്ഥപൂർണമാക്കുക അറിവിന്റെ ചക്രവാളം അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ് അറിവ് നേടാനുള്ള വഴികൾ ഇന്ന് മനുഷ്യരാശിയുടെ മുമ്പിൽ തുറന്നിട്ടിരിക്കുകയാണ് വിജ്ഞാനം വിരൽത്തുമ്പിൽ നിൽക്കുന്ന ഈ കാലഘട്ടത്തിൽ നല്ല അറിവുകൾ സമ്പാദിച്ചു നമുക്ക് മുന്നേറാം ജീവിതം സുന്ദരമാക്കാം


അൻഷിഫ 9 A

# ഇന്റർനെറ്റ് എന്ന അറിവിന്റെ ജാലകം

ലോകം കുതിച്ചു കൊണ്ടിരിക്കുകയാണ് അനുദിനം പുതിയ പുതിയ കണ്ടുപിടുത്തങ്ങളും അറിവുകളും നാം സാക്ഷ്യം വഹിച്ചു കൊണ്ടിരിക്കുന്നു ഇത്തരത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന ലോകത്ത് ഇൻറർനെറ്റിന്റെ പ്രാധാന്യം ഒഴിച്ചുകൂടാനാവാത്തതാണ് അറിവ്ശേഖരണത്തിലും വിദ്യാഭ്യാസരംഗത്തും ഒഴിച്ചുകൂടാനാകാത്ത ഒന്നായി മാറി. സോഷ്യൽ മീഡിയകൾ നമ്മുടെ നിത്യ ജീവിതത്തെ വളരെയേറേ സ്വാധീനിക്കുന്നു കുട്ടികളുടെ പഠന നിലവാരം ഉയർത്താനും ലോക വിവരങ്ങൾ അറിയാനും ഇന്ന് ധാരാളം ആപ്പുകളും ചാനലുകളും പഠനസഹായികളും ലഭ്യമാണ് ഏത് സാധാരണക്കാരനും ഇത് ഉപയോഗിക്കാൻ പറ്റുന്നതാണ്

എങ്കിലും ഇന്ന് സോഷ്യൽ മീഡിയ വഴി തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുന്നു ഇതിൽനിന്ന് ശരിയും തെറ്റും മനസ്സിലാക്കാനുള്ള കഴിവ് നാം വളർത്തിയെടുക്കണം സമൂഹത്തിന് ഉപകാരപ്പെടുന്ന അറിവുകളും വാർത്തകളും പ്രചരിപ്പിക്കണം. ഇന്ന് ഏതു മേഖലയിലും ഉള്ള അറിവുകൾ നമുക്ക് ഇൻറർനെറ്റ് വഴിലഭ്യമാണ് അമ്മമാർക്ക് ആവശ്യമായ പാചക സഹായികളും ഒരു കൃഷിക്കാരന് വേണ്ട കൃഷി പാഠങ്ങളും ഇങ്ങനെ ഏതുതരത്തിൽ അറിവുകൾ വേണ്ടവർക്ക് അത് ലഭ്യമാകുന്നു. കുട്ടികൾക്ക് അവരുടെ സംശയങ്ങൾ തീർക്കാനും പുതിയ കാര്യങ്ങൾ അറിയാനും വിക്കിപീഡിയ പോലുള്ള പഠനസഹായികൾ ലഭ്യമാണ് .കൂടാതെ നമുക്ക് വീട്ടിൽ ഇരുന്നു കൊണ്ട് തന്നെ ഓൺലൈൻ ആയി സാധനങ്ങൾ വാങ്ങാനും വിൽക്കാനും പരസ്യം ചെയ്യാനും സാധിക്കുന്നു .നമ്മുടെ ജീവിതം സുരക്ഷിതവും നിർഭയവുമായ ഒന്നാക്കി മാറ്റുന്നതിന് സൈബർ ലോകം ഒരു വിശാല ജാലകം തന്നെയാണ് തുറന്നു വെച്ചിരിക്കുന്നത് അത് പരമാവധി ഉപയോഗിക്കാനും അപ്ഡേറ്റ് ചെയ്യാനും നമുക്ക് കഴിയണം എങ്കിൽ മാത്രമേ നമുക്ക് വിജയിക്കാൻ പറ്റൂ,,,


ഷാലി അൻസാരി 8 D









www.RonnieTucker.co.uk





# കാട്ടുപൂവ്

ചിതറി തെറിക്കുന്ന ചിന്തകളിൽ എപ്പോഴും
നിന്റെഈപുഞ്ചിരിമാത്രം
മഴവില്ല പോലെ നീ മനസ്സിൽ തെളിയുമ്പോൾ
ഉണരുന്നഎന്നിലെമോഹങ്ങളും......

കൃഷ്ണ തുളസി കതിർ തുമ്പു മോഹിക്കും
നിൻറെഈവാർമുടിചുരുട്ടിലെത്താൻ
പൂജക്കെടുക്കാത്ത പൂവായ ഞാനും
മോഹിച്ചിടുന്നനിൻഅരികിലെത്താൻ....




മണമില്ല മധുവില്ല  പൂജക്ക് എടുക്കില്ല
താനേ വളർന്നൊരു കാട്ടു പൂവാണ് ഞാൻ....
വിടരും മുൻപേ കൊഴിയുന്ന ഇതളുള്ള
പൂജക്ക്എടുക്കാത്തകാട്ടുപൂവാണ്ഞാൻ....

ഇഷ്ടമാണെന്നൊന്നു ചൊല്ലുവാൻ വേണ്ടി
നിത്യവുംനിൻമുമ്പിൽഎത്തിടുമ്പോൾ
നിന്റെകൊലുസിന്റെനാദങ്ങളിൽഞാൻ
എന്നെമറന്നൊന്നുനിന്നിടുന്നു
ഒന്നും പറയാതെ അറിയാതെ പോയിടുന്നു.....

അഞ്ജന വർഗ്ഗീസ്  9 C

# സാമൂഹിക മാധ്യമങ്ങളും



# വിദ്യാർത്ഥികളും



പ്രിയപ്പെട്ട വിദ്യാർത്ഥികളെ ഞാനിവിടെ സാമൂഹിക മാധ്യമങ്ങളും വിദ്യാർത്ഥികളും എന്ന വിഷയത്തെ പറ്റി അല്പം സംസാരിക്കാൻ ആഗ്രഹിക്കുന്നു

സോഷ്യൽ മീഡിയകൾക്ക് ഏറെ പ്രാധാന്യം നൽകുന്ന ഒരു കാലഘട്ടത്തിലൂടെയാണ്നാംകടന്നുപോകുന്നത് വാട്സപ്പ് ഫെയ്സ്ബുക്ക് ഇൻസ്റ്റാഗ്രാം ട്വിറ്റർ ടിക് ടോക് തുടങ്ങി അനവധി മീഡിയകൾ ഇന്ന് സുലഭമാണ് ഒന്നും കൈവശമില്ലാത്ത ആരും തന്നെ ഇപ്പോൾ ഉണ്ടാവില്ല കുട്ടികൾ വരെ അതിനു വളരെ അധികം പ്രാധാന്യം കൽപ്പിക്കുന്ന ഇത്തരം സാമൂഹിക മാധ്യമങ്ങൾ ഇന്ന് മനുഷ്യജീവിതത്തിന് ഭാഗമായി മാറിയിട്ടുണ്ട് അതുകൊണ്ടുതന്നെ പ്രിയ കൂട്ടുകാരെ അതിൻറെ നല്ല വശത്തെ പറ്റിയും ചീത്ത വശത്തെ പറ്റിയും നാം ബോധവാന്മാരാകണം അതിന്റെ നല്ല വശങ്ങൾ നമുക്ക് എല്ലാതരത്തിലും പ്രയോജനപ്രദമാണ് എന്നാൽ അതിന്റെചീത്ത വശങ്ങൾ നമ്മെ ഏറെ പ്രയാസത്തിൽ ആക്കുകയും ബുദ്ധിമുട്ടിക്കുകയും പരാജയത്തിൽ കൊണ്ടെത്തിക്കുകയും ചെയ്യുന്നു അതിനാൽ നല്ലവശങ്ങൾ മുൻനിർത്തി ആയിരിക്കണം നമ്മൾ സോഷ്യൽ മീഡിയകൾ ഉപയോഗിക്കേണ്ടത്

നന്ദി നമസ്കാരം

JUBAIRIYA. 8 B

## അടുക്കും ചിട്ടയുമുള്ള ജീവിതം .....

ചിട്ടയായ ജീവിതമാണ് ആരോഗ്യത്തിന്റെ താക്കോൽ. ടൈം മാനേജ്മെന്റിന് ഇതിൽ പ്രധാന പങ്കുണ്ട്. ഒരു ദിവസം 6 മണിക്ക് എഴുന്നേൽക്കും. പിറ്റേ ദിവസം 7 മണിക്ക് പിന്നെ 5 മണിക്ക്.

ഇത്തരത്തിലുള്ള ശൈലി നല്ലതല്ല. സമയം തെറ്റി കിടക്കുന്നതും എഴുന്നേൽക്കുന്നതും നമ്മുടെ ശരീരത്തെ ദോഷകാരമായി ബാധിക്കും. ശരീരത്തിലെ 'ബയോളജിക്കൽ ക്ലോക്കി'ന്റെ പ്രവർത്തനം താളം തെറ്റും. ഉറക്കക്കുറവ് ദഹനമില്ലായ്മ തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങളിലേക്ക് ഇത് നയിക്കും.

1. രാവിലെ എഴുന്നേൽക്കുന്നതിനും രാത്രി കിടക്കുന്നതിനും ഭക്ഷണം കഴിക്കുന്നതിനുൾപ്പെടെ കൃത്യമായ സമയം പാലിക്കാൻ ശ്രമിക്കുക. 'ടൈം മാനേജ്മെന്റ്'് വളരെ പ്രധാനമാണ്. മറ്റെല്ലാ കാര്യങ്ങളെയും മുന്നോട്ടു കൊണ്ടുപോകണമെങ്കിൽ ടൈമിങ്ങ് കൃത്യമായിരിക്കണം.

2. ഓരോ കാര്യം ചെയ്യുമ്പോഴും വ്യക്തമായ പ്ലാനിങ്ങ് ഉണ്ടായിരിക്കണം. ഓരോ ദിവസവും ചെയ്യേണ്ടതും ഒഴിവാക്കേണ്ടതുമായ കാര്യങ്ങൾ മനസിൽ കണക്കുകൂട്ടുക. ചെയ്യേണ്ട കാര്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ ചെയ്യുക.

3.ഡിസിപ്ലിൻ ഓരോരുത്തരുടെയും വ്യക്തിത്വത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. അച്ചടക്കം ജീവിത വിജയത്തിനു തന്നെ അത്യന്താപേക്ഷിതമാണ്. മികച്ച അച്ചടക്കം ആരോഗ്യകരമായ ബന്ധങ്ങൾ നിലനിർത്തും.

4. ദിവസവും ചെയ്യേണ്ട കാര്യങ്ങൾ ലിസ്റ്റ് ചെയ്യുക. ഇത് ഓർമ്മക്കുറവ് പരിഹരിക്കും. ഭൂരിഭാഗം ആളുകളും മറവിയെ പഴിക്കുന്നവരാണ്. രാവിലെ എഴുന്നേൽക്കുമ്പോൾ തന്നെ തലേ ദിവസം നടന്ന കാര്യങ്ങൾ ഓർമ്മിച്ചെടുക്കുന്നത് ഓർമ്മശക്തി വർധിപ്പിക്കാൻ സഹായിക്കും.

5. വീട്ടിൽ ഓഫീസിൽ എല്ലാം കൃത്യമായി അടുക്കിവെയ്ക്കുക. അടുക്കി വൃത്തിയായി വെയ്ക്കുന്ന ശീലം എല്ലാ കാര്യങ്ങളിലും പ്രതിഫലിക്കും. ഓരോന്ന് തിരഞ്ഞ്സമയംപാഴാക്കാതെയുമിരിക്കാം.

6.സ്വന്തംകാര്യങ്ങളിൽ പൂർണമായ ഉത്തരവാദിത്വമുണ്ടായിരക്കണം.മറ്റുള്ളവരുടെ തലയിൽ കാര്യങ്ങൾ ഏൽപ്പിക്കുന്ന ശീലം നല്ലതല്ല.

7. ഓഫീസിലെയും വീട്ടിലെയും കാര്യങ്ങളെ ഇടകലർത്തരുത്.ഇത് കുടുംബത്തെ ബാധിക്കും. മാനസികമായ സന്തോഷം ഇല്ലാതാക്കും

8. ഓഫീസിലായാലും വീട്ടിലായാലും കാര്യങ്ങൾ കൃത്യ സമയത്തു തന്നെ ചെയ്തു തീർക്കാൻ ശ്രമിക്കണം. ഇത് വീണ്ടും വീണ്ടും കാര്യങ്ങൾ മാറ്റിവെയ്ക്കാൻപ്രേരിപ്പിക്കും

9. ജീവിതത്തിന് വ്യക്തമായ ഒരു ലക്ഷ്യം രൂപീകരിക്കുക. അതിലേയ്ക്ക് എത്താൻ അടുക്കും ചിട്ടയും വളരെയധികം സഹായിക്കും.

10. വിദ്യാർഥികൾ പഠന കാര്യങ്ങൾക്കായി പ്രത്യേകം ഒരു ഫയൽ തയ്യാറാക്കി സൂക്ഷിക്കണം. മികച്ച രീതിയിലുള്ള പഠനത്തിന് ഈ പ്ലാനിങ്ങ് സഹായിക്കും.

**ജസ മുഹമ്മദ് 8 A**

# എന്റെ കുട്ടിക്കാലം



കളിച്ചുംരസിച്ചുംനടന്നൊരുകാലം
ദു:ഖംഎന്തെന്ന്പോലുംഅറിയാത്ത
കാലം...

മാവിൻ കൊമ്പത്ത് ഊഞ്ഞാലിൽ ആടിയും
മണ്ണപ്പംചുട്ടുകളിച്ചുനടന്നൊരുകാലം...

അതിരുകളില്ലാതെ സന്തോഷിച്ചതും
മിട്ടായി കട്ടതും കട്ടിലിനടിയിൽ ഒളിച്ചതും
ആനല്ലകാലംഎത്രയോസുന്ദരം.....

പൂമ്പാറ്റയോടുംപൂത്തുമ്പിയോടുംകൂട്ടുകൂടാൻആശിച്ച്
അമ്പിളിമാമനും നക്ഷത്രങ്ങൾക്കും ഒപ്പം കളിക്കാൻ ആഗ്രഹിച്ചതും

മഴവില്ല്എന്ന വരുമെന്ന് കാത്തിരുന്നതും
ഇന്നെൻമനസ്സിലെ ഓർമ്മകൾ മാത്രം

അലീന ജിബി **8 A**

# ഉയരങ്ങളിൽ പറക്കാൻ കൊതിച്ചവൾ

നമുക്ക് എല്ലാവർക്കും ഉണ്ടാവും ഒരു കൂട്ടുകാരി ചിത്രം വരയ്ക്കാൻ ഒരു ടീച്ചറാവാൻ, ഓരങ്ങളിലേക്ക് പാറിപ്പറക്കാൻ ആഗ്രഹിച്ച് ഒരു കല്യാണ ആലോചനയിൽ എല്ലാം നഷ്ടപ്പെട്ടവർ ഇപ്പോഴും ഈ അവസ്ഥയിൽ ജീവിക്കുന്ന എത്രയോ സ്ത്രീകൾ നമുക്ക് മുന്നിലുണ്ട് എല്ലാവരുടെയും നിർബന്ധത്തിനു വഴങ്ങി സ്വന്തം കഴിവുകളെയും ആഗ്രഹങ്ങളെയും മനസ്സിന്റെ ഉള്ളിൽ ഒതുക്കി വെക്കേണ്ടി വന്നു അവ പൊടിതട്ടിയെടുക്കാം എന്ന് വിചാരിച്ചാൽ അതിന് തടസ്സമായി നിൽക്കുന്ന 100 കാരണങ്ങൾ ഇതുപോലെ പെണ്ണ് എന്നറിയപ്പെടുന്ന ചിലർ നമുക്ക് സ്വാതന്ത്ര്യം ലഭിക്കാൻ കാരണമായിട്ടുണ്ട്.

എന്ത് കൊണ്ട് പെണ്ണിന് അവസരം നൽകിക്കൂടാ....?

ഓർക്കുക പെണ്ണാണ് കരുത്തുള്ളവളാണ് .......

അവളെ അനുവദിക്കുക അവൾ ഉയർന്നു പറക്കട്ടെ.....

ദിയ ഉസ്മാൻ 8 A

# വരയിലെ മാസ്റ്റരികത



റബീഹ് വല്ലശ്ശേരി



റബീഹ് വല്ലശ്ശേരി

# ഒന്നായ്... ഒരുമയോടെ..

നമ്മുടെ കേരളത്തെ ഒരുപോലെ കണ്ണീരിലാഴ്ത്തിയ ഒരു ദുരന്തമായിരുന്നു പ്രളയം പ്രളയത്തെ കുറിച്ച് ഓർക്കുമ്പോൾ ആദ്യം നമ്മുടെ മനസ്സിലേക്ക് വരുന്നത്കണ്ണീരു നിറഞ്ഞ പല മുഖങ്ങളാണ്. പ്രളയം നമ്മുടെ കേരളത്തിൽ ദുരിതം വിതച്ചു അതോടൊപ്പം നന്മയുടെ, ഒരുമയുടെ പല പാഠങ്ങളും പകർന്നു നൽകിയാണ് കടന്നുപോയത്

എല്ലാവരും സമന്മാരാണ് എന്നും ഒരുമിച്ചു നിന്നാൽ ഏതു പ്രതിസന്ധിയെയും നിഷ്പ്രയാസം നേരിടാമെന്നും പ്രകൃതി നമ്മെ ബോധ്യപ്പെടുത്തി ഒപ്പം മറ്റുള്ളവരുടെ സങ്കടങ്ങൾ മനസ്സിലാക്കാനും അവരെ സഹായിക്കാനും ഈ പ്രളയം നമ്മെ പഠിപ്പിച്ചു പ്രളയത്തിൽ സ്വന്തം ജീവിതവും ഭാവിയും മറന്നു പ്രതിഫലമൊന്നും സ്വീകരിക്കാതെ മറ്റുള്ളവരുടെ രക്ഷക്കായി പ്രവർത്തിച്ചവർ ലോകത്താകമാനമുള്ള മനസ്സുകളിൽ ഇടം നേടി .

അതുകൊണ്ട് തന്നെ കേരളം പ്രളയത്തെ അതിജീവിച്ച് മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്

**അനുപമ ബെൻ 8 A**

# നിലക്കാത്ത യാത്ര

ഞാൻ ഒരു സാധാരണ കുടുംബത്തിൽ ജനിച്ച വളർന്ന കുട്ടിയാണ് എൻറെ അച്ഛൻ കേരളത്തിലും അമ്മ നമ്മുടെ അയൽ സംസ്ഥാനമായ കർണാടകയിലും ആണ് ജനിച്ചത് അതിനാൽ തന്നെ ജീവിതത്തിൽ ഓർമ്മ വെച്ച കാലം മുതൽ കെ എസ് ആർ ടി സി യുടെയും കർണാടക ആർ ടി സി യുടെയും ടയർ ഓടി കരിഞ്ഞ മണം ഇന്നും എൻറെ മൂക്കിൻ തുമ്പത്ത് ഉണ്ട്

ഡിസംബർ മാസത്തിലെ ഏതാനും ദിവസങ്ങളിൽ ഞാനും എന്റെ അച്ഛനും അമ്മയും ചേച്ചിയും ഒക്കെ യാത്ര ചെയ്ത ഓർമ്മകൾ ഇന്നും എന്റെ മനസ്സിൽ തങ്ങിനിൽക്കുന്നു ഇന്ന് ഇന്ത്യയിലെ തന്നെ വൃത്തിയുള്ള നഗരത്തിൽ ഒന്നായ മൈസൂരിൽ തന്നെയാണ് എൻറെ അമ്മ വീട് അതിനാൽ തന്നെ അവിടുത്തെ ഓരോ മുക്കും മൂലയും എനിക്ക് പരിചിതമാണ്.


ചെറുപ്രായത്തിലെ ആ കുസൃതി കാലത്ത് കൂടുതൽ സമയവും അങ്ങിനെ ഉള്ള ഒരു സ്ഥലത്ത് ചിലവഴിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട് വ്യത്യസ്ത രാജ്യക്കാരും വ്യത്യസ്ത ഭാഷയും വ്യത്യസ്ത മതങ്ങളും വളരെ ഐശ്വര്യപൂർണമായ കാഴ്ച തന്നെയാണ് അത്.

ഒരിക്കൽ ഞങ്ങൾ ബസ്സിൽ യാത്ര ചെയ്യവേ നമ്മുടെ നാട്ടിലെ പേടിസ്വപ്നമായ ആ വലിയ മൃഗം ആന അതിന്റെ തുമ്പിക്കൈ നീട്ടി ഞങ്ങൾ ഇരിക്കുന്ന സീറ്റിലേക്ക് എത്തിനോക്കി ഭയം എന്തെന്ന് അറിയാത്ത പ്രായത്തിൽ ഞാൻ അത് കാര്യമായി എടുത്തില്ല ഒരു ബാലരമ കഥ പോലെ കാണാൻ പറ്റി

ഇന്നും നിലക്കാത്ത ഓർമ്മയായി ആ യാത്ര തുടരുന്നു

നിഹിദ,കെ **8 D**

# DIGITAL ART




RABEEH VALASSERY
Rabeeh Arts


Rabeeh.V.C

# മഹാനായ എ പി ജെ

ഇന്ത്യയുടെ മുൻ രാഷ്ട്രപതിയും റോക്കറ്റ് എൻജിനീയറും ആയിരുന്ന എപിജെ അബ്ദുൽ കലാം തമിഴ്നാട്ടിലെ രാമനാഥപുരത്ത് അടുത്തുള്ള രാമേശ്വരത്ത് ജനിച്ചു ഹൈസ്കൂൾ പഠനത്തിനുശേഷം എയർ മീഡിയറ്റിനു ചേർന്ന് കലാം പിന്നീട് എയറോനോട്ടിക്കൽ എൻജിനീയറിങ്ങിൽ ബിരുദാനന്തരബിരുദം സ്വന്തമാക്കി ശേഷം അദ്ദേഹം ഡിആർഡിഒ റോക്കറ്റ് എഞ്ചിനീയറിംഗ് ജോലി സമ്പാദിച്ചു ഇന്ത്യയുടെ പ്രഥമ റഡ്ഡോ സംവിധാനമുള്ള യുദ്ധവിമാനം നിർമ്മാണത്തിൽ വലിയ പങ്കുവഹിച്ചു

ഇന്ത്യയിലെ ബഹിരാകാശ പ്രതിരോധ മേഖലയിലെ പ്രമുഖരായ വിക്രം സാരാഭായി സതീഷ് ധവാൻ എന്നിവരുടെ കൂടെ പ്രവർത്തിച്ചു വിക്രം സാരാഭായിയുടെ കൂടെ പ്രതിരോധ രംഗത്ത് പ്രവർത്തിച്ച കലാംഅദ്ദേഹത്തിന്റെ മരണശേഷം സതീഷ് ധവാന്റെ കൂടെ ബഹിരാകാശ രംഗത്തും സേവനമനുഷ്ഠിച്ചു.

ഐ എസ് ആർ ഒയിൽ പോയശേഷം S L V വിക്ഷേപണം വിജയകരമായി പൂർത്തിയാക്കിയ അബ്ദുൽ കലാം അഗ്നി പൃഥി എന്നീ രണ്ട് മിസൈലുകൾ വികസിപ്പിച്ചു അതുകൊണ്ട് തന്നെ അദ്ദേഹം ഇന്ത്യയുടെ മിസൈൽമാൻ എന്നറിയപ്പെടുന്നു

റോക്കറ്റ് എഞ്ചിനീയറും ഊർജ്ജതന്ത്രവും മിസൈൽ സാങ്കേതിക വിദഗ്ധനായ ഡോക്ടർ എപിജെ അബ്ദുൽ കലാം 2015 ൽ മരണമടഞ്ഞു

മുഹമ്മദ് ജദീദ് 8 A

# മികവിന്റെ ചിത്രങ്ങൾ

## *CLUB ACTIVITES*










ONLINE ARABIC QUIZ WINNER






CUPCAKES
Sweet Cakes
COOKIES









2020.01.20 14:29












DO SOMETHING DRASTIC...
SAY NO TO PLASTIC...
SAY NO TO PLASTICS!
Save Earth


STICKER CUTTING
DO SOMETHING DRASTIC
SAY NO TO PLASTIC
SAY NO TO PLASTICS!







നന്ദി ചൊല്ലേണ്ടത്........

- കൈറ്റ് മിസ്ട്രസ്സ് : ശ്രീമതി ഹൗലത്ത് ടീച്ചർ
  ശ്രീമതി ഷൈനിമോൾ ടീച്ചർ

- സൃഷ്ടികൾ സമാഹരിച്ച കൈറ്റ് മെമ്പർമാർ

- മലയാളം ടൈപ്പിങ്ങിന് സഹായിച്ച്
  കൈറ്റ് മെമ്പർമാർ

- ഡിജിറ്റൽ വർക്കുകൾക്ക്
  സഹായിച്ചവർ

എല്ലാവരോടും എഡിറ്റോറിയൽ

ബോഡ് അംഗങ്ങളുടെ **നന്ദി...**



# LITTLE KITES
# DIGITAL MAGAZINE

# അക്ഷര പൊലിമ

@

## CKHSS MANIMOOLY